പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന

27 (*147) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ സെൽവരാജ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത് ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര ഇക വീതമാണ് നീക്കിവച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) പി.എം.ജി.എസ്.വൈ. II നടപ്പാക്കുന്നതിനായി ജില്ലാതല ഗ്രാമീണ റോഡുകളുടെ പ്ലാൻ GIS Platform-ൽ (ഡി. ആർ. ആർ. പി.) തയ്യാറാക്കുന്നതിനും പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി 570 കി.മീ. ദൈർഘ്യം വരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ചീഫ് എഞ്ചിനീയറെയും ഒരു എംപവേർഡ് ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്. പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 14 സ്വതന്ത്ര സ്റ്റേറ്റ് ക്വാളിറ്റി മോണിട്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഉപേക്ഷിക്കാൻ തീരുമാനിച്ച റോഡുകൾക്ക് ആനുപാതികമായി 265 കി.മി. ദൈർഘ്യം വരുന്ന പുതിയ റോഡുകൾക്ക് പുതിയ ഷെഡ്യൂൾ നിരക്കിൽ കേന്ദ്ര സർക്കാരിൽനിന്നും അനുമതി നേടിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പുതിയ പദ്ധതികൾ അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 689.90 കോടി രൂപ അടങ്കലായി 1011.715 കി.മീ. ദൈർഘ്യം വരുന്ന 415 റോഡുകൾക്ക് കേന്ദ്ര സർക്കാരിൽനിന്ന് അനുമതി നേടിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചതിൽ 421 റോഡുകളാണ് നിലവിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നത്.

(സി) പി.എം.ജി.എസ്.വൈ. 100 ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതിയാണ്. എന്നാൽ പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും, ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം 5 വർഷത്തെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്.

(ഡി) നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്ത് 42 ശതമാനം വരെ ടെണ്ടർ പ്രീമിയം അനുവദിച്ചത് വഴി 155 പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. കൂടാതെ വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടന്നതുമായ മുൻഘട്ടങ്ങളിലെ 130 കി.മീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവൃത്തികൾക്ക് 2013 PMGSY Schedule of rate പ്രകാരം സംസ്ഥാന സർക്കാർ വിഹിതമായി 60.64 ലക്ഷം രൂപ അധിക തുക നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതികളിലേക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ ഉദ്യോഗസ്ഥരുടെ അദ്ധ്യക്ഷതയിൽ കരാറുകാരുടെ യോഗവും പരിശീലന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.

കോർപ്പറേഷൻ / മുനിസിപ്പാലിറ്റി രൂപീകരണം

28 (*148) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള കോർപ്പറേഷനുകളെ വിഭജിച്ച് പുതിയതായി മുനിസിപ്പാലിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇതിനു പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള കോർപ്പറേഷനുകൾ പ്രസ്തുത നടപടിയിൽ എതിർപ്പുകൾ അറിയിച്ചിട്ടുണ്ടോ ; ഇക്കാര്യം പരിഗണിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly